## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2082

07.07.2015-ലെ മറുപടിയ്ക്ക്

### കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിനു കീഴിൽ പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; എവിടെയൊക്കെ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിന് കീഴിൽ പുതുതായി 9 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സോണൽ ആഫീസ് | ആലപ്പുഴ<br>തൃശ്ശൂർ<br>കണ്ണൂർ |
| റീജിയണൽ ആഫീസ് | പത്തനംതിട്ട<br>കോട്ടയം<br>തൃശ്ശൂർ<br>പാലക്കാട് |
| ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി | തൃശ്ശൂർ |
| ശുശ്രൂഷാ ഹൈടെക് ക്ലിനിക്കൽ ലാബ് | കായംകുളം |

| | | | |
|---|---|---|---|
| (ബി) | മേൽ കാലയളവിൽ എത്ര കൺസ്യൂമർഫെഡ് സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത് ; ഇതുമൂലം എത്ര പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത് ; | (ബി) | മേൽ കാലയളവിൽ 3 സോണൽ ആഫീസുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്. ഇതുമൂലം ആർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ കാലയളവിൽ കൺസ്യൂമർഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ച താത്കാലിക ജീവനക്കാരുടെ ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ; | (സി) | സാധാരണ ദിവസവേതന ജീവനക്കാർക്ക് 1.11.2011 മുതൽ 1.12.2012 വരെ 250/- രൂപയും 1.12.2012 മുതൽ 300/- രൂപയും ദിവസ വേതന ഡ്രൈവർമാർക്ക് 1.11.2011 മുതൽ 1.12.2012 വരെ 300/- രൂപയും 1.12.2012 മുതൽ 350/- രൂപയുമാണ് നൽകി വരുന്നത്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെ? | (ഡി) | അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ